LIBRARY ARCHIVES Kerala Legislative Assembly

വിജിലൻസിന് സ്വയംഭരണാവകാശം

252(3074) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസിന് സ്വയംഭരണാവകാശം നൽകുമോ ; നയം വ്യക്തമാക്കാമോ ;

(ബി) ഇത് ഉദ്യോഗസ്ഥരുടെ സ്വതന്ത്രമായ പ്രവർത്തനത്തിന് ഉപകരിക്കുമെന്നുള്ള കേരള ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കോടതി ഇത്തരത്തിൽ അഭിപ്രായപ്പെടാനിടയായ സാഹചര്യം പരിശോധിക്കുമോ ?

ഉത്തരം

(എ&ബി) വിജിലൻസ് ശരിയായ രീതിയിലും നിലവിലുള്ള നിയമ വ്യവസ്ഥകൾക്കും വിധേയമായാണ് പ്രവർത്തിക്കുന്നത്. വിജിലൻസിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധിക്കുന്നില്ല എന്ന് കോടതി നിരീക്ഷണം നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) No.2530/14, 2272/15 എന്നീ കേസ്സുകളിൽ 18-6-2015-ൽ പുറപ്പെടുവിച്ച ഉത്തരവിൽ വിജിലൻസ് സംവിധാനം, സ്വതന്ത്ര അധികാരം എന്നീ കാര്യങ്ങൾ പഠിക്കുന്നതിനുവേണ്ടി രണ്ട് അമിക്കസ് ക്യൂറിമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യാൻ നടപടി സ്വീകരിക്കുകയും സ്റ്റേ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

കൺസ്യൂമർഫെഡ് അഴിമതി

253 (3075) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ ;.

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) വിജിലൻസ് അന്വേഷണം നടത്തി ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിലെ അഴിമതി സംബന്ധിച്ച് സംസ്ഥാന വ്യാപകമായി 'ഓപ്പറേഷൻ അന്നപൂർണ്ണ' എന്ന പേരിൽ മിന്നൽ പരിശോധനകൾ നടത്തി. അവയുടെ കണ്ടെത്തലുകളിൽ 5 വിജിലൻസ് അന്വേഷണങ്ങൾക്ക് ഉത്തരവായി. അവയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ നീതി ഡിസ്ട്രിബ്യൂഷൻ സെന്ററുകളിലെ നിയമനവുമായി ബന്ധപ്പെട്ടുള്ള വിജിലൻസ് അന്വേഷണം പുരോഗമിച്ചുവരുന്നു.

2. കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലെ കൺസ്യൂമർഫെഡ് ഗോഡൗണുകളിലെ ക്രമക്കേടുകൾ സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

3. എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ കൺസ്യൂമർഫെഡ് അഴിമതി സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം പുരോഗമിക്കുന്നു.

4. തിരുവനന്തപുരം ജില്ലയിലെ ത്രിവേണി മാർക്കറ്റിനുവേണ്ടി നിയമ വിരുദ്ധമായി 7 ബോട്ടുവാങ്ങിയതും, ക്രമവിരുദ്ധമായി നിയമനം നടത്തിയതും ഉദ്യോഗസ്ഥർ യാത്രാബത്ത (റ്റി.എ.) ഇനത്തിൽ അധികത്തുക ഈടാക്കിയതും സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം പുരോഗമിക്കുന്നു.

5. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നീതി ഡിസ്ട്രിബ്യൂഷൻ സെന്ററുകളിലെ അഴിമതി സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം പുരോഗതിയിലാണ്.

(സി) പ്രസ്തുത വിജിലൻസ് അന്വേഷണങ്ങളിലൊന്നുംതന്നെ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

സ്കൂളുകളിലെ പാഠപുസ്തക അച്ചടി

254(3076) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിലെ പാഠപുസ്തക അച്ചടി സ്വകാര്യ പ്രസ്സിന് നിയമവിരുദ്ധമായി നൽകിയതുമായി ബന്ധപ്പെട്ട് ഉയർന്ന ആരോപണങ്ങൾ വിജിലൻസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;